പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

'പുര' പദ്ധതി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4865

05.02.2014 ൽ മറുപടിക്ക്

ചോദ്യം. | ഉത്തരം.

| ശ്രീ. എം. ഹംസ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമപ്രദേശങ്ങളിൽ നഗര പ്രദേശങ്ങളിലെ സൗകര്യമൊരുക്കുന്ന പദ്ധതിയായ പ്രൊവിഷൻ ഓഫ് അർബൻ അമിനിറ്റീസ് ഇൻ റൂറൽ ഏരിയ (പുര) പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു; | (എ) | മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിലും തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിലും നടപ്പാക്കി വരുന്നു. |
| (ബി) | 'പുര' പദ്ധതി പ്രകാരം എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | 'പുര' പദ്ധതിയ്ക്കായി 2011-12, 2012-13 വർഷങ്ങളിൽ കേന്ദ്രം എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (സി) | തളിക്കുളം 'പുര' പദ്ധതിക്കായി 21.20 കോടി രൂപയും തിരൂരങ്ങാടി 'പുര' പദ്ധതിയ്ക്കായി 23.69 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഡി) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഒറ്റപ്പാലം ടൗണിനോട് ചേർന്ന് കിടക്കുന്ന അമ്പലപ്പാറ ഗ്രാമപഞ്ചായത്തിനെ 'പുര' പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

'പുര' പദ്ധതി പ്രകാരം താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

1. ഗ്രാമീണ മാർക്കറ്റിന്റെ അടിസ്ഥാന സൗകര്യ വിപുലീകരണം
2. മത്സ്യ ബന്ധന സെന്റർ പരിഷ്ക്കരണം.
3. ഗ്രാമീണ തെരുവ് വിളക്ക്
4. വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വിപുലീകരണം (പ്രൈമറി സ്കൂളുകൾ)
5. വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വിപുലീകരണം (ഹയർ സെക്കന്ററി സ്കൂളുകൾ)
6. ആരോഗ്യ സ്ഥാപനങ്ങളിൽ എമർജൻസി കെയർ യൂണിറ്റ്
7. പാഴ് വസ്തുക്കളുടെ സംസ്ക്കരണത്തിനുള്ള യൂണിറ്റ്
8. ബസ് ടെർമിനൽ, കൊമേഴ്സ്യൽ കോംപ്ലക്സ്
9. ഗ്രാമീണ റോഡുകൾ
10. നാളികേര സംസ്ക്കരണ യൂണിറ്റ്
11. ഡ്രെയിനേജ് സംവിധാനം
12. കുടിവെള്ള പദ്ധതി
13. മാംസം- കോൾഡ് സ്റ്റോറേജ് സംവിധാനം
14. ജലസ്രോതസ്സുകളുടെ സംരക്ഷണം.
15. സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ് സെന്റർ
16. കടലുണ്ടിപുഴയിൽ ടൂറിസം പദ്ധതി
17. ട്രോമകെയർ ആംബുലൻസ്
18. ഗ്യാസ് ശ്മശാനം
19. എക്സ്പോർട്ട് പ്രൊമോഷൻ റൂറൽ അപ്പാരൽ പാർക്ക്
20. ബീച്ച് റിസോർട്ട് വിപുലീകരണം
21. റൂറൽ ബി.പി.ഒ